


## R.V.S.M.H.S.S, PRAYAR

# Little click

## e-magazine 2019

# R.V.S.M.H.S.S, PRAYAR

Presents

# Little click

## DIGITAL MAGAZINE





Sreeja. A
Little KITE Mistress

Anitha . A.P
Little KITE Mistress

കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പഠിക്കുന്ന ഹൈസ്കൂൾ വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് കൈറ്റിന്റെ നേതൃത്വത്തിലുള്ള Little KITES IT club. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞതിന്റെ ഭാഗമായി ഭാഷാ കമ്പ്യൂട്ടിങ് ,ഗ്രാഫിക്സ്, മൾട്ടിമീഡിയ, ഡോക്യുമെന്റേഷൻ, മൊബൈൽ ആപ്പ്, ഇന്റെർനെറ്റ്, ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗ രീതിയും പരിപാലനവും, അനിമേഷൻ, സൈബർ സുരക്ഷ, ഗ്രാഫിക്സ്, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ് വെയർ, ഇലക്ട്രോണിക്സ് എന്നി മെഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം . 2018 January 22 ന് മുഖ്യമന്ത്രി പിണറായി വിജയൻ Little KITES സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചു.കൈറ്റ്സിൽ നിന്നും ഓൺ ലൈനിൽ ലഭ്യമാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് നടന്ന അഭിരുചിപരീക്ഷയിൽ നിന്നും മികച്ച നിലവാരം പുലർത്തിയ 40 കുട്ടികൾ ലിറ്റിൽ കൈറ്റസ് ഐറ്റി ക്ലബ്ബിൽ അംഗങ്ങളായി. വിവിധ ഘട്ടങ്ങളായി ഇവർക്ക് പരിശീലനം ലഭിച്ചു വരുന്നു. മികച്ച കഴിവുകളാണ് കുട്ടികൾ ഈ രംഗത്ത് പ്രകടിപ്പിക്കുന്നത്. ഇതിന്റെ തുടർച്ചയായി ഇപ്പോൾ പ്രദർശിപ്പിക്കുന്ന e-മാഗസിൻ ഇവർ ആർജ്ജിച്ചെടുത്ത അറിവുകളുടെ ഒരു ചെറിയ പതിപ്പാണ്. ഇതിൽ കുറവുകളുണ്ടാവാം . ഇതിനുവേണ്ടി പ്രവർത്തിച്ച എല്ലാ കൈറ്റ് അംഗങ്ങളേയും അഭിനന്ദിക്കുന്നു. അതുപോലെ വേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിത്തന്ന മാനേജർ , ഡയറക്ടർബോർഡ് അംഗങ്ങൾ, ഞങ്ങൾക്കുവേണ്ട എല്ലാ സഹായസഹകരണവും നൽകിയ ഹെഡ്മിസ്ട്രസ്, പ്രിൻസിപ്പാൾ എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിച്ചുകൊണ്ട് ഈ മാഗസിൻ സ്കൂളിനുവേണ്ടി സമർപ്പിക്കുന്നു.

# സന്ദേശം




കേരളത്തിലെ ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ I.T. കൂട്ടായ്മ ആയ Little KITES ന്റെ പ്രവർത്തനം നമ്മുടെ സ്കൂളിൽ നല്ലരീതിയിൽ നടന്നുവരുന്നു. പൊതു വിദ്യാലയങ്ങളിൽ I.T. അവബോധം സൃഷ്ടിക്കുന്നതിന് കേരള സർക്കാരിന്റെ ഉദ്യമം മാതൃകാപരമാണ്. പാഠ്യവിഷയങ്ങളോടൊപ്പം ഡിജിറ്റൽ സാങ്കേതിക അറിവുകൾ നേടുന്നത് കുട്ടികൾക്ക് മുതൽ കൂട്ടാണ്

സ്കൂളിലെ Little KITES unit ന്റെ ആഭിമുഖ്യത്തിൽ ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ സന്തോഷമുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾക്ക് മാനേജ്മെന്റിന്റെ പൂർണ്ണ പിൻതുണ എപ്പോഴും ഉണ്ടാകും. ഇതിന് പിന്നിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും ഞാൻ അഭിനന്ദിക്കുന്നു.

Prof.K.Krishnapillai
Manager

# സന്ദേശം




പൊതു വിദ്യാഭ്യാസ വകുപ്പ് പ്രയാർ ആർ. വി.എസ് .എം .എച്ച്. എസ് .എസ്സ് -ൽ നടപ്പിലാക്കിയ Little KITES യൂണിറ്റിലെ കുട്ടികൾ ഭാവിയുടെ വാഗ്ദാനങ്ങളായിമാറാൻ കഴിയട്ടെ എന്നു പ്രാർത്ഥിക്കുന്നു. Little KITES യൂണിറ്റ് പ്രസിദ്ധീകരിക്കുന്ന ആദ്യ ഡിജിറ്റൽ മാഗസിന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

ജി . ജയശ്രീ.
ഹെഡ് മിസ്ട്രസ്സ്

# സന്ദേശം




അനന്തമായ കഴിവുകളുടെ ഉറവിടങ്ങളാണ് കുട്ടികൾ. കൗതുകങ്ങളിൽ തുടങ്ങി പരിശീലനത്തിലൂടെ പൂർണ്ണതയിലെത്താൻ ഇവർക്ക് സാധിക്കും. വായനയുടെയും എഴുത്തിന്റെയും ഡിജിറ്റൽ സാങ്കേതികവിദ്യയുടെയും രംഗത്തേയ്ക്ക് കുട്ടികളെ കൈ പിടിച്ചുയർത്തുവാനുള്ള സ്കൂളിലെ Little KITES unit -ന്റെ പ്രവർത്തനങ്ങൾക്ക് എല്ലാ ആശംസകളും നേരുന്നു.

പ്രിൻസിപ്പാൾ

എസ്. ഉണ്ണികൃഷ്ണൻ

# സന്ദേശം



സർഗ്ഗവാസനകളുടെ സംഗമ ഭൂമിയാണ് ഒരോ കുട്ടിയും. അവരുടെ കഴിവും അറിവും അംഗീകരിക്കപ്പെടണം. ചെറുതെന്ന തോന്നാമെങ്കിലും ഇതിന്റെ ഫലം വളരെ വലുതായിരിക്കും. മണൽ തരിക്കു പോലും അതിന്റേതായ രോമാഞ്ചമുണ്ട്. ഈ സംരഭത്തിന് എല്ലാ ആശംസകളും നേർന്നുകൊണ്ട് നല്ലതിനായി പ്രാർത്ഥിക്കുന്നു.

സ്റ്റാഫ് സെക്രട്ടറി

പി.സതീഷ് കുമാർ.

# സന്ദേശം



പ്രയാർ ആർ.വി.എസ്സ് .എം.എച്ച്.എസ്സ്.എസ്സ് -ൽ 2018-ൽ ആരംഭിച്ച LittleKITE യൂണിറ്റ് മികച്ച നിലയിൽ പ്രവർത്തിച്ചുവരുന്ന വിവരം PTA യ്ക്ക് ബോധ്യമുള്ളതാണ്. കാലഘട്ടത്തിനുസരിച്ച് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ ഉപയോഗം കുട്ടികളിൽ എത്തിക്കുന്നതിന് സർക്കാർ തുടക്കമിട്ട ഈ പദ്ധതി ആഭിനന്ദനാർഹമാണ്.ചുരുങ്ങിയ സമയം കൊണ്ട് ഈ സ്കൂളിലെ Little KITES -ലെ കുട്ടികൾ ആർജിച്ചെടുത്ത ഡിജിറ്റൽ രംഗത്തെ അറിവുകൾകൊണ്ട് ഒരു e-magazine തയാറാക്കുന്നതായി അറിയുവാൻ കഴിഞ്ഞു. ഇതിനുവേണ്ട നേതൃത്വംകൊടുത്ത അദ്ധ്യപകരേയും കുട്ടികളേയും ഒരുപോലെ അഭിനന്ദിക്കുന്നു. തുടർവർഷങ്ങളിൽ ഇതിലും മികച്ച സൃഷ്ടികൾ ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

**ഹരിമോഹൻ കുമാർ**

**പി.ടി.എ. പ്രസിഡന്റ്**

# നാം പോകും വഴിയേ ...............


| | | |
|---|---|---|
| 1 | Swami Vivekananda | 12 |
| 2 | Time | 13 |
| 3 | കുഞ്ഞിക്കവിതകൾ | 14 |
| 4 | പുകവലിയുടെ ദോഷങ്ങൾ | 15 |
| 5 | കൃഷ്ണഗാഥ | 17 |
| 6 | Dedication to our teacher | 18 |
| 7 | അപ്പൂപ്പൻ | 19 |
| 8 | ചെന്താമര | 20 |
| 9 | എന്നും നിനക്കായി ഞാൻ........ | 21 |
| 10 | My dream night | 22 |
| 11 | നൊമ്പരം..... | 23 |
| 12 | മരണം | 24 |
| 13 | രോദനം | 25 |
| 14 | അമ്മ | 26 |
| 15 | എന്റെ ഓർമ്മകൾ | 27 |
| 16 | മൊഴി | 28 |
| 17 | I still loving | 29 |

| | | |
|---|---|---|
| 18 | ഹരിതസുന്ദരി | 30 |
| 19 | എൻ ജീവിതമാകുന്ന അമ്മ | 31 |
| 20 | പ്രകൃതി തൻ താരാട്ട് | 32 |
| 21 | എന്റെ അമ്മ | 33 |
| 22 | കാത്തിരിപ്പ് | 34 |
| 23 | The tree of life | 35 |
| 24 | അമ്മ മഹത്വം | 36 |
| 25 | മഴയ്ക്കൊരു കത്ത് | 37 |
| 26 | ലോകമെ,കേൾക്കു | 38 |
| 27 | എന്റെ താമര കൈയ്യുകളാൽ | 39 |
| 28 | പൊലിയാത്ത മഹത്വം | 40 |
| 29 | പിറവി | 41 |
| 30 | രാത്രിനേരത്തെ കാഴ്ചദർശനം | 42 |
| 31 | മാധവിക്കുട്ടി | 43 |
| 32 | A Cobbler and the monkeys | 44 |
| 33 | മതിലേരിക്കന്നി | 45 |
| 33 | ശുചിത്വകേരളം | 47 |
| 34 | The blue Jackel | 48 |
| 35 | തളർന്നുപോയ ചിറക് | 50 |
| 36 | പുസ്തകവായന | 51 |
| 37 | നമ്മവീട് | 52 |

| | | |
|---|---|---|
| 38 | വലുതുംചെറുതും | 53 |
| 39 | നദീജലമലിനീകരണവും<br>അനന്തരഫലങ്ങളും | 54 |
| 40 | കടലനുബന്ധവ്യവസായങ്ങൾ | 55 |
| 41 | വേഴാമ്പൽ | 58 |
| 42 | വിരൽ തുമ്പിൽ | 59 |
| 43 | Rain Dreams | 60 |
| 44 | വിദ്യാലയം | 61 |
| 45 | സ്നേഹവീട് | 62 |

# SWAMI VIVEKANANDA



NARENDRA DATHA in Kolkata on 12th January, 1863. He was one of the eight children of his parents, Viswanth Datha and Buhveaneswari Devi. He was very intelligent boy and a Swami Vivekananda was a great patriotic leader, born as ' active in music, gymnastic and studies. He was took his graduation from Kolkata University and got Knowledge about different subject including western philosophy and history. He was born with yogic temperature and later used to practice medication. He was very eager to know Swami Vivekanandana was a great patriotic leader,born as ' NarendraNathDatha' in Kolkata on 12thJanuvary,1863. He was one of the eight children of his parents, Vishwanath Datha and Bhuvaneswari Devi. He was very intelligent boy and active in music, gymnastic and studies. He was took his graduation from Kolkata University and got Knowledge about different subject including western philosophy and history. He was born with yogic temperature and later used to practice medication. He was very eager to know about god from childhood. Once he was passing through the spiritual crisis,he met Sree Ramakrishna and asked a question " sir, have you seen god?" Sree Ramakrishna replied him that "Yes, I have. I see him as clearly as I see you, only in a munch in tenser sense". He became one of the great followers of Sree Ramakrishna and started following his order. He passed away on 4th July, 1902 at Belur.

Lekshmi Viswaraj 7 B

-

# Time

*Time is precious*
*ones when lost,*
*we cannot get it*
*it never waits for anyone*
*All the other thing*
*we can get it*
*But time we cannot get it*
*we cannot buy the time*
*By giving money*
*Most of us are worried*
*about the time*
*we spent it a lost*
*so time is precious*

*Nevi fernandez*

# കുഞ്ഞിക്കവിതകൾ

**ഠോ ഠോ**

കുണ്ടാമണ്ടി കുഞ്ഞുണ്ണിക്കൊരു
കുടു കുടു ഓടണ കാറുണ്ട്
കല്ലേൽ കേറി മുള്ളേൽ കേറി
ഠേഠോ പൊട്ടി ടയറെല്ലാം

**ങ്യാവൂ ങ്യാവൂ!**

ങ്യാവൂ ങ്യാവൂ പാടി നടന്നു
മണ്ടൻ പൂച്ച കരിമ്പൂച്ച
കണ്ടോ കണ്ടോ പമ്മി വരുന്നു
കള്ളൻപൂച്ച കരിമ്പൂച്ച
കഞ്ഞിപ്പാത്രം നക്കി മിനുക്കി-
ക്കട്ടുമുടിച്ച കരിമ്പൂച്ച
പാണ്ടൻ നായേക്കണ്ടപ്പോഴേ
പാഞ്ഞു മറഞ്ഞു കരിമ്പൂച്ച.

**പാവ വേണം**

ഒക്കത്തിരിക്കുന്ന ഓമനക്കുട്ടിക്ക്
പൊക്കത്തിരിക്കുന്ന പാവ വേണം
പാവയ്ക്കുടുപ്പൊന്നു തുന്നിക്കൊടുക്കണം
പപ്പടം പോലൊരു പൊട്ടു വേണം

**മയിൽ**

മയിലേ മയിലേ ആൺമയിലേ
പീലി വിരിച്ചൊന്നാടാമോ?
പീലിവിരിച്ചൊന്നാടീടും ഞാൻ
മഴമേഘങ്ങൾ വന്നോട്ടെ!

# പുകവലിയുടെ ദോഷങ്ങൾ




“കണ്ണിനപ്പുറം മൂക്കിന് വെറുപ്പും തലച്ചോറിന് ക്ഷതവും ശ്വാസകൊശത്തിന് അപകടവും വരുത്തുന്ന ഒരു ഉപചാരമാണിത്" എന്ന് പുകവലിയേപ്പറ്റി 1603 ൽ ഇംഗ്ലണ്ടിന്റെ സിംഹാസനമേറിയ ജെയിംസ് ഒന്നാമൻ പറഞ്ഞിട്ടുണ്ട്.പക്ഷേ നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നാം അത് ഉൾക്കൊണ്ടില്ല.ഇന്ന് പുകവലിക്കുന്നവരുടെ എണ്ണം വളരെ ഏറെയാണ്. തങ്ങളുടെ ജീവിതമാണ് പുകഞ്ഞുതീരുന്നതെന്ന് മനസ്സിലാക്കിയിട്ടും മനുഷ്യൻ അടിമപ്പെട്ടുപോകുന്ന കാഴ്ച്ചയാണ് കാണാൻ കഴിയുന്നത് നിക്കോട്ടിയാൻ വംശത്തിലുള്ള ഒരു ചെടിയാണ് പുകയില .ആ ചെടിയിൽ വിഷം അടങ്ങിയിട്ടുണ്ടെന്ന് കണ്ടെത്തിയത് ജീൻ നിക്കോട്ടിയൻ എന്ന ശാസ്ത്രജ്ഞനാണ്.അദ്ദേഹത്തിന്റെ പേരിലാണ് അതിലെ വിഷാംശത്തിന് നിക്കോട്ടിൻ എന്ന പേര് നൽകിയിരിക്കുന്നത് നിക്കോട്ടിൻ എന്ന വിഷത്തിന്റെ ഒരു തുള്ളി നാക്കിൽ വീണാൽ മതി ഒരാൾ മരിക്കാൻ.പുകവലിക്കുമ്പോൾ വളരെ ലഘുവായ മാത്രകയിൽ അത് രക്തത്തിൽ കലരുന്നതുകൊണ്ട് കാലക്രമേണ ശരീരം പ്രതിരോധ ശേഷി ആർജ്ജിക്കുന്നതുകൊണ്ടുമാണ് അത്രയ്ക്ക് അപകടം സംഭവിക്കാത്തത് പുകവലിയിലെ വിഷാംശം ശരീരത്തിൽ അതിവേഗം ലയിച്ചുചേരുന്ന ഒന്നാണ് ആയുസ്സ് ഗണ്യമായി കുറയ്ക്കുന്നതിനും പുകവലി കാരണമാകുന്നു

അഖില , 9 B

*Tomorrow is my exam but I don't care because only a single sheet of paper cannot decide my future*

________ EDISON ________

# കൃഷ്ണ ഗാഥ

ഇഷ്ടദൈവമേ കൃഷ്ണപുരമിതിൽ
വാണിടും ശ്രീകൃഷ്ണ സ്വാമി.....
രോഹിണീവ്രതം നോറ്റ ഞാൻ കൊരു-
ത്തേകിടുന്ന ഈ തുളസിമാല!
ഇഷ്ട ദൈവമേ.....

ഭക്തമീരയെപ്പോലെ നിൻ പുകൾ
പാടുവാനണഞ്ഞിന്ന ഞാൻ !
എന്റെയശ്രുകണങ്ങൾ പൂജാ -
പുഷ്പമായിത്തീർന്നെങ്കിൽ-നിന്റെ
തൃപ്പാദങ്ങൾ മുകർന്നെങ്കിൽ......!
ഇഷ്ടദൈവമേ.....

സത്യഭാമയെപ്പോലെ നിന്നനു -
രാഗഭിക്ഷുകിയായ് വന്നു ഞാൻ !
നിന്റെ മൗലിക്കുടുമ ചൂടുമാ
പീലിയായിത്തീർന്നെങ്കിൽ - മണി
വേണുവാകാൻ കഴിഞ്ഞെങ്കിൽ ......
ഇഷ്ടദൈവമേ.....

Prof.Kozhisherri Ravithranath

# DEDICATION TO OUR TEACHER

Listen to us,Oh teachers dear
Full of knowledge you are
And it is dear
Your name is fair as the silvery moon
for removing illiteracy,you are a great boon!
As the moon shines throughout the night

The moon is know as the night Queen
But you all are the [QUEEN OF QUEENS]
You high thought,works and deeds
Shine like brilliant glory sheets
you shower on us,your shivering says
To lead us towards happier days
your every move action,
Is worth of our

Sridev.s

# അപ്പൂപ്പൻ

എന്റെ  സ്വന്തം അപ്പൂപ്പൻ
എന്റെ  ദൈവം അപ്പൂപ്പൻ
എന്റെ ജീവന്റെജീവനാം അപ്പൂപ്പൻ
മുടിയില്ലാത്തൊരു അപ്പൂപ്പൻ
ചന്ദനപ്പൊട്ടിട്ടും അപ്പൂപ്പൻ
എന്റെ സ്വന്തം അപ്പൂപ്പൻ
അപ്പൂപ്പൻ സ്വർഗത്തിലേക്ക് യാത്രയായി
അപ്പൂ എന്നൊരു അപ്പൂപ്പൻ
എന്നെ തനിച്ചാക്കി യാത്രയായ് അപ്പൂപ്പൻ

***ആവണി 6E***

# ചെന്താമര

നീലജലാശയത്തിനുള്ളിലെ ചെന്താമരേ നീ സ്ഫടിക-
ത്തുള്ളിയിൽ നിൽക്കുമ്പോൾ നിന്നെ കാണാൻ
എന്തുരസമാണ്.നിനക്ക് കാവലായ് തളിരില.നിന്റെ
ഇതളുകൾ കാണുമ്പോൾ മനസ്സിന്റെ കവാടം തുറക്ക-
പ്പെടുന്നു.നിന്റെ വർണ്ണാഭമായ ഭംഗികണ്ടാൽ ആരും
നോക്കിനിൽക്കും.നിന്റെയീ നിറം എല്ലാവരെയും
പുളകമണിയിക്കുന്നു.കഠിനമായ ചൂടിൽനിന്ന്
വെള്ളവും നിന്റെ വേരുകളും സംരക്ഷിക്കുന്നു.ജലാശ-
യത്തിൽ നൃത്തം വയ്ക്കുമ്പോൾ,മഴയുടെ വരവ് അറിയിച്ചു
കൊണ്ടുള്ള നിന്റെ പാട്ട് അത് ഏവരുടെയും മനസ്സ്
കീഴടക്കുന്നു.ചുവന്നുനിൽക്കുന്ന ചെന്താമര കാണുമ്പോ-
ൾ ആപ്പിൾപ്പോലെ തോന്നുന്നു.അപ്പോൾ എല്ലാവരും
മനസ്സിൽ പറയുന്നു നീ അതിവിശിഷ്ടമായ പൂവാണ്

ആദിത്യ.ആർ

# എന്നും നിനക്കായി ഞാൻ..........

എന്റെ ഹൃദയത്തിൽ വിരിഞ്ഞ ആദ്യപുഷ്പമേ
നീ എന്നിൽ നിന്ന് അടന്നുപോയ നാൾ
എൻ ജീവിതമേ അർത്ഥശൂന്യമായി
ഒരിക്കൽക്കൂടി നീ എന്നിൽ വിടരൂ ആത്മനാഥാ
നീ എന്നിൽ വിരിയൂ വീണ്ടുമപ്പോൾ
ഞാൻ നിന്നിൽ എന്നും ജീവിക്കും
ഒരു കൊച്ചു പൂമ്പാറ്റയായി
എന്നിൽ വിരിഞ്ഞ ആദ്യ പുഷ്പമേ
എൻ ഹൃദയത്തിൻ നോവ് നീ അറിയുന്നുവോ
ഒരു നാൾ നിനക്കും എനിക്കും മരണമെന്ന സുഖം പുണരും
എങ്കിലും അതുവരെ നീ എന്നിൽ തഴക്കു
എൻ ആദ്യ പുഷ്പമേ...............

- അരവിന്ദ് എം

# MY DREAM NIGHT

There was a child called Alan he was 14 old . One day he saw a dream .In it he was lying in the bed but suddenly he was awaken .Then opened the door and gone outside . Out side one was waiting of him . He asked him how are you why are you waiting for me. He said my name is Logger . I am the key of the new world . Then he took Alan with him and said that if you want to enter the new world . You have to say the answers correctly for my question . Then they two were walked out in the street . Then he asked that if you get a wish to do anything or to get anything what will you wish ? . Alan was little confused after the confusion he answered that I will wish to have my family also with me to enter the new world . Logger asked that do you want your family every second with you ?. Alan said yes .Logger laughed and said you are the angel of your house . Alan also laughed and said all houses has an angel in my mind my mum is our house's angel . Logger suddenly disappeared .

Alan searched all over there he got a letter at where logger had spoken to him . In that letter something mysteries was written it was “god is with you son bless you” by angel (mum) Alan mother was holding his hand when he woken up. Alan suddenly hugged his mother and said “Oh my God” .

- Athindranath.G

# നൊമ്പരം

ഓർക്കുമ്പോൾ കണ്ണുനനയുന്ന നോവായി
നിൻമുന്നിൽ ചേതനയറ്റു കിടക്കും.
തെക്കെപ്പുറത്തെ കുറ്റൻ മാവിന്റെയൊപ്പം
ഞാൻ കത്തിയമരുമ്പോൾ
നീയെന്നെ കാണാൻ കൊതിക്കും.
ആരുമേ കാണാത്ത ലോകത്തിലപ്പോൾ
ഞാനൊരു നക്ഷത്രമായി മിന്നി നിൽക്കും.
നീ തകർത്ത എന്റെ സ്വപ്നങ്ങളെയോർത്ത്
ഒരു നാളെങ്കിലും തേങ്ങാതിരിക്കില്ല.
നിന്നെയോർക്കാതെ മയങ്ങില്ല ഞാനൊരിക്കലും
ഓർമ്മയിൽ പൂക്കുന്ന നോവുമായി.

*അഞ്ജന*

# മരണം

തുടിക്കാൻ ഹൃദയമില്ലാതെ
മോർച്ചറിയിൽ ചീഞ്ഞഴുകിയ
ശരീരങ്ങൾക്കിടയിൽ
ഒന്നുമവശേഷിപ്പിക്കാകെയൊരു
മൃതദേഹം.
- ആത്മഹത്യ ചെയ്തതാണ്.
കൈരേഖപോലും വ്യക്തമല്ല.
ആരുടെയോപേരു പറഞ്ഞ്
ആരൊക്കെയോ കൊണ്ടുപോയി സംസ്കരിച്ചു.
തിരിച്ചറിയപ്പെടാത്ത മുഖം.
- അത് ഞാൻ തന്നെയായിരുന്നു.

ഷഹാന

# രോദനം

നിഴൽ തേടിയലഞ്ഞു നീ എന്നോർമ്മയി-
ലൊരുതുണ്ടു പീഡന വാർത്തയായ്
അരുതെന്നു ചൊല്ലുവാൻ അരികിൽ
ഞാനുണ്ടായിട്ടും
അറിയാതെ നീയെങ്ങു കടന്നുപോയി
ആരാകുവാനായിരിന്നു നിനക്കാഗ്രഹമെങ്കിലും
ആരുതൻ കൈയിലേക്കു നീ തട്ടിവീണു.
ബാല്യം കടക്കും മുന്നേ നീ അമ്മയായി.
അസ്തമയ സൂര്യന്റെ കരംഗ്രഹിച്ചു
പിഞ്ചിളം ചുണ്ടിലൊരിറ്റു മുലപ്പാൽ
തളിയ്ക്കാതെ
പേനയാൽ പോറി മുറിവേറ്റു നീ
ഒരു തുണ്ടു കടലാസിലേക്കൊതുങ്ങി.
മുന്നിലെ മരണദീപ്തിക്കു മുന്നിൽ
നീ അവശേഷിപ്പിച്ച പെൺകുഞ്ഞിനെ
കഴുകനാം കണ്ണുകൾ കാത്തിരിപ്പാം.

പൂർവ്വ വിദ്യാർഥിനി **നന്ദിനി**

# അമ്മ

അമ്മയാണ് അഖിലവുമൂഴിയിൽ
അമ്മതൻ സാന്ത്വനംപോലെ
മറ്റൊന്നില്ല ഈ ഉലകിൽ
അമ്മിഞ്ഞപ്പാലിന്റെ മാധുര്യവും
മാറ്റുരയ്ക്കുവാനില്ല വിണ്ണിലേതും
ഏതും ക്ഷമിക്കും ഏതും സഹിക്കും
അമ്മതൻ സഹനം ഭൂമിയോളം
അമ്മ അമൃതമാണ് ചൊട്ടമുതൽ ചുടലയോളം
അമരത്വമേകും ദിവ്യാമൃതമമ്മ.

ഗോപിക . ആർ

# എന്റെ ഓർമ്മകൾ

*അമ്മയുടെ സ്നേഹം*
*ഇരുട്ടിൻമറവിൽ വെളിച്ചമാണെന്റെയമ്മ*
*വൃക്ഷമാണെന്റെയമ്മ*
*അമ്മയുടെ മടിത്തട്ടിൽ സ്നേഹത്തിൻ പൂമൊട്ട്*
*ചെഞ്ചോര കൈകളാൽ അമ്മയെന്നെ മടിത്തട്ടിൽവയ്ക്കുമ്പോൾ*
*ഞാനറിഞ്ഞില്ലല്ലോ അമ്മയുടെ വേദന*
*ഇന്നുഞാൻ ഓർക്കുന്നു എന്റെ ബാല്യകാലം*
*ഇന്നെന്റെ മനസ്സിൽ ഓർമ്മയായ് അമ്മ*
*സ്നേഹത്തിൻ പൂക്കളാൽ അമ്മ....*

# മൊഴി

എന്തേകയെന്നോതിയ നിൻ വാക്കുകളിൽ
നിൻമുഖം പൂവായിരിന്നുവല്ലോ.
ഹ്രദയതന്ത്രിയിൽ നീ മീട്ടീയ ഗാനം
നൊമ്പരമായിരുന്നല്ലോ.
നിൻ ചുണ്ടിൽ സ്നേഹത്തിൻ മധുരം
നിറഞ്ഞനാളറിയാതെ
നിൻ മുഖം താണതെന്തേ?
ഒഴുകുന്ന പുഴയിലെയൊരു നാദം
നിന്റേതായിരുന്നോ,നിനക്കു
പരിചിതമായിരുന്നോ.

നന്ദിനി

# I STILL LOVING

When I was thinking about my mother;
My heart is like a blue sea.
When I was thinking about my father;
My heart is load with respects.


When I was eleven,a question arise
“Why do you love your mother”?
The question wakes me from sleep
The question taught me to thought.

I search for a lot of time
No it's not time
I search for my half of life
No it's full of my life

I don't get any answer from nature
I don't get any
answer from any creature
Finally I get the answer from my soul
I don't want any reason for loving my mother
Because;
I born for my mother
I grow for my mother
I live for mother
I die for mother

***Abhijith.B***

# ഹരിതസുന്ദരി



പച്ചപ്പട്ടുടുത്ത ഹരിതസുന്ദരി
നീയെന്തിന് നിൻമനോഹര മിഴികളിൽനിന്ന്
അശ്രുപൊഴിച്ച് സപ്തനദികളാക്കുന്നു?
എന്തിന് സുന്ദരീ നിന്മേൽ അതിമോഹനമായ
കലകൾ നിരത്തുന്നു?
മനോഹരീ! നിൻമുറിവുകൾ മറച്ച് രക്തപുഷ്പങ്ങളാക്കുന്നു.
എന്തിന് നീ ഈ ത്യാഗമൊക്കയും സഹിക്കുന്നു?
എങ്കിൽ ഞാൻ എന്തുതരേണം നിനക്ക് ഇതിനു
പ്രത്യുപകാരമായി പറയുക സൗന്ദര്യമേ പറയുക?
പറയുക ഹരിതസുന്ദരീ പറയുക?

*വിജി കൃഷ്ണൻ*

# എൻ ജീവിതമാകുന്ന അമ്മ

അമ്മ തൻ അമ്മിഞ്ഞപ്പാലിൻ മാധുര്യം
എൻ ചുണ്ടിൽ ഇന്നും നകരുന്നു.
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
എൻ ജീവിതം സമ്പൂർണമാക്കുന്നത്.
തൻ തല അമ്മതൻ മടിത്തട്ടിന്മേൽ
വെച്ചീടും ഉണ്ണിയീലോകം കീഴടക്കിയ
ആഹ്ലാദം അനുഭവിച്ചീടും തൻ ഉണ്ണിക്ക്
ജീവന്റെ ജീവനാണ് അമ്മ,ദൈവമാണമ്മ
തൻ കുഞ്ഞിനായി എത്ര രാത്രികളിലമ്മ
മിഴികൾ തുറന്ന് വെച്ച്,തൻ പൊന്നോമലിന്മേൽ
കണ്ണുന്നട്ടിരുന്ന സുരക്ഷാഭടനെപ്പോലെ
രാത്രി പകലാക്കീടും സ്നേഹത്തിൻ
പൊൻകുടമാണ് അമ്മ :
എത്ര ത്യാഗം സഹിച്ച അമ്മ,
എത്രത്തോളം
സഹിച്ച അമ്മ തൻ ആരോമലിൻ കുസൃതിയിൽ
തിന്മകൾ കണ്ടാൽ അരുതേ ശാസിച്ച്
നന്മതൻ വാതിൽ കാട്ടിടും തൻ ഉണ്ണിക്കു,ആദ്യ
ഗുരുനാഥയായിടും അമ്മ ആനന്ദം കണ്ടിടാൻ അമ്മ -
തൻ കഴിവായ മനസ്സാലെ കാണുവാൻ
അമ്മയായീടും സ്ത്രീ ദൈവത്തിൻ
ചര്യയമായീടും എന്നും എപ്പോഴും
ഭൂമിതൻ ലോകത്ത് ദൈവത്തിന്റെ അവതാരമായീടും ;
സ്നേഹത്തിൻ ദേവതയായിടുന്നമ്മ
അമ്മേ നിൻ സ്നേഹത്തിനു പര്യായം
മറ്റൊന്നുമില്ല മറ്റാരുമില്ലാ അമ്മേ .....

അബ്ദുൾ അഹദ് സലാം

# പ്രകൃതി തൻ താരാട്ട്

ഹാ,എത്ര സുന്ദരം മനോഹര-
മാം പ്രകൃതിതൻ സുന്ദര പുഷ്പങ്ങളെ
മധുരമായി പാടും കിളികൾതൻ മൊഴികൾ
കേൾക്കും നിമിഷം എത്ര മനോഹരം

പ്രകൃതി തൻ സുന്ദര നിമിഷങ്ങൾ
വസന്തത്തിൽ പൂക്കൾ പൂക്കുന്നു
ഗ്രീഷ്മത്തിൽ തളിർക്കുന്നു
ശിശിരത്തിൽ കൊഴിയുന്നു

ഈ ജീവനാളം നിശ്ചലമാം
നിമിഷംവരെ പ്രകൃതിതൻ സംഗീതം
പാടി പുകഴ്ത്തും ഞാൻ
പുലരി തൻ മൃദുല കിരണങ്ങൾ
കണ്ടുണരാനാണെനിക്കിഷ്ടം
ഈ ജന്മം സഫലമായീ പ്രകൃതി-
അമ്മതൻ താരാട്ടിൽ.

**അഖില**

# എന്റെ അമ്മ

അമ്മതൻ സ്നേഹമാണ് ഈ ഊഴിയിൽ സർവ്വതും
അച്ഛന്റെ കൈപിടിച്ചു ഞാൻ
ജീവിതമാം നടവഴി നീങ്ങിടവേ
രക്തബന്ധങ്ങളും സ്നേഹവും
നന്മയും അറിയാൻ പഠിപ്പിക്കുന്ന എന്റെ അമ്മ
ഞാൻ തോളോളോടൊപ്പം കഴിഞ്ഞാലും
എന്റെ കാലൊച്ച കേൾക്കുവാൻ
കാതോർത്തിരിക്കും എന്റെ അമ്മ
വാനോളം ഉയർന്നാലും അമ്മതൻ
സ്നേഹത്തിൻ പകരമായി മറ്റൊന്നുമില്ല
ഈ ലോകത്തിൽ.

ഗിരിധർ.ജി

# കാത്തിരിപ്പ്

മാരിവില്ലേ മായരുതേ
എൻ സ്വപ്നത്തിൽ നിന്നും
നീയെൻ പ്രതീക്ഷയല്ലേ
എൻ മോഹങ്ങളൊക്കെയും
സഫലമാകും ദിനം
എന്നും വരുമാസുദിനം

പൂത്തുലയും പ്രകൃതിയും
പുഞ്ചിരിതൂകും സമൂഹവും
നന്മകൾ നിറഞ്ഞ നാടും
എന്നും വരുമാസുദിനം

എൻ സ്വപ്നത്തിലുള്ള
ആ സുദിനത്തിനായി
എത്ര നാളായി കാത്തിരിപ്പു ഞാൻ !

-ആനന്ദ് കൃഷ്ണ.

# ***THE TREE OF LIFE***

***This tree***
***Is not only a tree***
***It is friendly tree,***
***That is always watching***
***over you***
***This tree***
***Is not only a tree***
***It is a magical tree***
***That makes miracles***
***And Hopes becomes realities***
***This tree***
***is not only a tree***
***It is from where everything started***
***It is the tree of life***

***Adithya.S***

# അമ്മ മഹത്വം

അമൃതമാണെന്നമ്മ
അഭയമാണെന്നമ്മ
അനശ്വരമാണെന്നമ്മ
അനുഗ്രഹമാണെന്നമ്മ
മധുരമാണെന്നമ്മ
മഹത്വമാണെന്നമ്മ
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
ആദ്യമായെൻ നാവിലെത്തിയത്
അമ്മിഞ്ഞപ്പാലിന്റെ മാധുര്യമെന്നിലായ്
ഇന്നും എൻ ശ്വാസത്തിലെത്തിടുന്നു.
അമ്മയുടെ ഉദരത്തിൽ എന്നെയും
ചേർത്തൊരാ പൊക്കിൾക്കൊടി
ബന്ധമറ്റുപോയി അകലത്തു
നിൽക്കുമ്പോഴുമെന്നമ്മതൻ സ്നേഹം
അരികിലെന്നുണ്ടെന്നുഞാൻ
അറിയുന്നൊരാ വാത്സല്യമോടെ
സ്വമാറോടണച്ചിട്ട് താരാട്ടുപാടിയുറക്കിയെന്നെ
താമരപ്പൊയ്കയിൽ നീരാടിനീന്തുന്ന
അരയന്നത്തെക്കാട്ടിയുറക്കിയെന്നെ.

ഷഹനാമോൾ

# മഴയ്ക്കൊരു കത്ത്

പ്രിയപ്പെട്ട മഴ അറിയുന്നതിന്,

മേഘത്തിന്റെ കൈവശം നിനക്ക് ഞാനോരു കത്ത് കൊടുത്തുവിടുന്നു.നിന്നെ കണ്ടിട്ട് എത്രനാളായി ഞാൻ നിന്നെ കാത്തിരുന്നു മടുത്തു.ഇന്ന് യാദൃശ്ചികമായി ഞാൻ മേഘത്തെ കണ്ടു.അവന്റെ കൂടെ നീയും ഉണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചു .പക്ഷെ നിരാശയായിരുന്നു ഫലം. അവനാകട്ടെ പെട്ടെന്നുതന്നെ പോകുകയും ചെയ്തു .നിന്നെ എനിക്ക് ഒരുപാട് ഇഷ്ടമാണ് . നീ എന്താ എന്നെ കാണാൻ വരാത്തത്. നിന്റെകൂടെ കളിക്കാൻ എനിക്കും എന്റെ ചേച്ചിക്കും കൊതിയാകുന്നു.ഞങ്ങളുടെ സ്കൂൾ തുറക്കുമ്പോഴാണ് നീ വരുന്നത് നീ വരുമ്പോഴാണ് ഞങ്ങൾക്ക് ഉത്സവം.ഇത്തവണ നീ നേരത്തേ പോയല്ലോ.എനിക്ക് സങ്കടമായി.നിന്റെ കൂടേകളിച്ചാൽ പനിപിടിക്കുമെന്ന് അമ്മ വഴക്കു പറഞ്ഞു.പക്ഷെ അവർ അറിയുന്നില്ലല്ലോ മനുഷ്യരുടെ ദുഷ്ടപ്രവൃത്തികാരണമാണ് നീ ഞങ്ങളെ കാണാൻ വരാത്തത് എന്ന്.നിന്നെ സ്നേഹിക്കുന്ന എത്ര പേരുണ്ട് എന്ന് അവർക്കറിയില്ലല്ലോ. അവർക്കുവേണ്ടി നീ ഇനിയും വരണം. അങ്ങനെ ഞങ്ങളുടെ സ്വപ്നങ്ങളെ സഫലമാക്കിത്തരണം.നീ വരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട്,

നിന്റെ പ്രിയപ്പെട്ട കൂട്ടുകാരൻ,

അമർജിത്ത്

# ലോകമേ,കേൾക്കൂ....

ആരെയോ നോക്കി മിഴിനീർവാർത്തു നീ
ആരും സഹായത്തിനെത്തിയില്ല ?
കാപാലികർ പിച്ചിച്ചീന്തിയ വേളയിൽ
നിന്നാർത്തനാദം കേട്ടതില്ല.

പ്രകൃതിയും കാലവും ഭൂമിയും
നിന്നൊച്ചയൊട്ടും കേട്ടതില്ല.
കരൾപിടയുന്ന വേദനയിൽ
കാലിട്ടടിച്ചതല്ലാതൊരു രക്ഷയില്ല.

ഹൃദയം നുറുങ്ങുന്ന വേദനകൾ
കടിച്ചമർത്തി കണ്ണടച്ചു.
ആശുപത്രി കിടക്കയിൽ ജീവനോട്
മല്ലിട്ടു വീണ്ടും മണിക്കൂറുകൾ.

പിന്നിട്ട,വേദന വെറുതയായി.
ലോകമേ,ഇനിമേൽ ഒരാൾക്കും
ഈ വിധി നിശ്ചയിക്കപ്പെടരുതേ.......
പ്രാർത്ഥനകൾ വിഫലമായി.
നരാധമന്മാർ ലോകം കീഴടക്കി.
നിസ്സഹായതയുടെ കണ്ണുനീർ മാത്രം.

അനിത രാജേഷ്

# എന്റെ താമര കൈയ്യുകളാൽ

പൂവെ വിരിഞ്ഞു നീ എൻ ഹൃദയവാടിയിൽ
പൂങ്കാവനമെന്ന പേരുകേട്ട
മലരായ് വിരിഞ്ഞുനിൻ പൊന്നിളം മൊട്ടുകൾ
തളിരായി മാറി നിൻ മാറിൽ
കിടന്നൊരാ പൂമേനി മൊട്ടുകൾ തഴുകീടവേ
നീ എൻ മലർശയ്യയിൽ വന്നു
പുളകോന്മാദം പൂണ്ടുകളിക്കവേ
ഇനിയും വരുമോ നീ താമരപ്പൂവിതളെ

**അതീന്ദ്രനാഥ്**

# പൊലിയാത്ത മഹത്വം

നാം എല്ലാവരും ആചരിക്കുന്നു.അതുപോലെതന്നെ നമ്മൾ എല്ലാവരും ഗാന്ധിജിയെയും ആചരിക്കുന്നു. 1869 ഒക്ടോബർ 2 ന് ഗുജറാത്തിലെ പോർബന്ധറിൽ കരംചന്ദ് ഗാന്ധിജി ജനിച്ചു. എഴാം ക്ലാസ് വരെയും പോർബന്ധറിൽ തന്നെ ആയിരുന്നു പഠിച്ചിരുന്നത്.പിന്നീട് രാജ്കോട്ടയിലേക്ക് പഠനം മാറ്റുകയുണ്ടായി.പഠനം കഴിഞ്ഞ് അവസാനം നിയമത്തിനുള്ള 'ബാരിസ്റ്റർ ബിരുദം' കരസ്ഥമാക്കി.പിന്നീട് ബ്രിട്ടീഷ് ഇൻസ്പെക്ടറായിരുന്നു മിസ്റ്റർ ഗിൽസ് ഗാന്ധിജി അദ്ദേഹത്തോട് "kettle" എന്ന വാക്ക് എഴുതുവാൻ പറഞ്ഞു. അടുത്തിരുന്ന കുട്ടിയുടെ നോക്കിയെഴുതുവാൻ അദ്ധ്യാപകൻ പറഞ്ഞു അപ്പോൾ അത് തെറ്റാണെന്ന് ഗാന്ധിജി പറഞ്ഞു .തനിക്ക് അറിയാവുന്നത് എഴുതിക്കൊള്ളാം എന്ന് ഗാന്ധിജി പറഞ്ഞു. കേട്ടെഴുത്തിൽ ഗാന്ധിജി ഒഴികെ എല്ലാവരും എല്ലാ വാക്കുകളും ശരിയാക്കിയെങ്കിലും തന്റെ സത്യപരീക്ഷയിൽ ഒരു പദത്തിന്റെ തെറ്റ് വൻവിജയമാണെന്ന് കരുതി. രാഷ്ട്രപിതാവെന്ന വാക്കിന്റെ അർത്ഥമറിയാത്ത കുട്ടികൾ അദ്ദേഹത്തെ അച്ഛൻ എന്നുതന്നെ അർത്ഥമുള്ള ബാപ്പുജി എന്നു വിളിക്കുമ്പോൾ ഔന്നത്യത്തിൽ ജനനേതാവിൽ നിന്ന് ലാളന മാത്രമറിയുന്ന ഒരു പിതാവായി ഗാന്ധിജി മാറുകയായിരുന്നു. അങ്ങനെ ഒടുവിൽ കസ്തൂർബയെ കണ്ടുമുട്ടി. അങ്ങനെ ഒടുവിൽ ബിർല മന്ദിർ പ്രാർത്ഥനായോഗത്തിൽ വെച്ച് നാദൂറാം വിനായക് ഗോഡ്സെ എന്ന മതഭ്രാന്തന്റെ സെമി ഓട്ടോമാറ്റിക്ക് പിസ്റ്റളിൽ നിന്നുള്ള മൂന്ന് വെടിയുണ്ടകൾ ആ മഹാന്റെ ജീവനെടുത്തു

# പിറവി

വേദനയുടെ വേപഥു പൂണ്ട കുറേ രാത്രികൾ...ഉഷ്ണം നിറഞ്ഞ പകലുകൾ,ഒരു പിറവിക്കുള്ള തയ്യാറെടുപ്പുകളെ മുഴുവൻ ഒരു മലക്കം മറിച്ചിലിലൂടെ തകിടം മറിച്ചപ്പോൾ തേഞ്ഞുപഴകിയ കസാലകളും നിറം മങ്ങിയ ചുവരുകളുമുള്ള മുറികളും,തിരക്കുപിടിച്ച കാറ്റു കടക്കാത്ത വരാന്തകളും,മരുന്നിന്റെ ദുർഗന്ധം പേറുന്ന ഇടനാഴികളും കടന്ന് കാലപ്പഴക്കത്തിന്റെ മണം പേറി നിന്ന ലേബർ റൂമിൽ തങ്ങളുടെ ഊഴംകാത്തിരിക്കേണ്ടി വന്നു പോയിരുന്നു.ചിലരോ ? ചില അടയാളങ്ങൾ മാത്രം ബാക്കി വച്ച് മാഞ്ഞു പോയിരുന്നു.പരിഭവങ്ങളുടേയോ പരാതികളുടേയോ കെട്ടഴിക്കാതെ കൈവീശി യാത്രയാക്കിയ കുരുന്നു കണ്ണുകളിലെ നനവിന്റെ ഭയാനകതയെ കുടഞ്ഞുകളയാൻ അവർ തന്നെ പണിപ്പെട്ടിരുന്നു.വയറിന്റെ അടിത്തട്ടിൽ നിന്നും വേദന അസഹനീയമായപ്പോൾ ചുറ്റുമുള്ളവർനിഴൽ രൂപങ്ങളാകവെ,മാതൃത്വത്തിന്റെ ചൂടു പകർന്ന് മേഘങ്ങളിൽ നിന്നും അകന്ന് ഒരു മഴത്തുള്ളിയായി അവനെത്തി.വർഷങ്ങൾ നീണ്ട കാത്തിരിപ്പിന്റെ അവസാനം.! ഉഷ്ണങ്ങൾ എരിഞ്ഞ് തീർന്ന് തളർന്നുറങ്ങാൻ ശ്രമിക്കവേ,നൊമ്പരങ്ങൾ അവരുടെ ബോധത്തെ ഒപ്പിയെടുത്തു.മനസ്സിൽ പെരുമ്പറകൾ മുഴങ്ങവെ പാതിമയങ്ങിയ കണ്ണുകളിലൂടെ രണ്ട് കൈകൾ അരികിലേക്ക് അടുക്കുന്നത് കാണാൻ കഴിഞ്ഞില്ല.എന്നാലും പതിയെ പിറവിയുടെ ചൂടും നിശ്വാസങ്ങളും അകന്നില്ലാതാകുന്നത് അവരറിഞ്ഞു. ശക്തമായൊന്നു പ്രതികരിക്കുവാൻ പോലുമാകാതെ പകലോ രാത്രിയോ എന്ന് തിരിച്ചറിയാനാകാതെ അപ്പോഴേക്കും ഒരു വല്ലാത്ത പ്രതിരോധനത്തിലേക്ക് കൊണ്ട് പോയിരുന്നു അവർ.ഉണർന്നപ്പോൾ തേങ്ങൽ തൊണ്ടയിൽ തടഞ്ഞു നിന്നു.അവരുടെ ക്ഷീണം മുറ്റിനിന്ന തളർന്ന കണ്ണുകളിൽ ചുറ്റുമുള്ളവർ നിഴൽ രൂപങ്ങളായി പതിച്ചു കൊണ്ടിരുന്നു

.

Sheeba Hari

# രാത്രിനേരത്തെ കാഴ്ചദർശനം

എത്രമാത്രമീ ലേകമേ സുന്ദരീ............
എത്രയാമങ്ങളായ നിന്റെ ഈ സൗന്ദര്യലഹരി

രാത്രിയേ! നിന്നിലേ ഒരോ സൃഷിടിയും നിലാവിന്റെ ഓളങ്ങളിൽ.
നിന്റെ ഈ രാത്രിയിൽ; നിലാവെ ഈ യാമങ്ങളിൽ നിറമാർന്നതാകാൻ

എത്രമാത്രം മുല്ല മൊട്ടുകൾ വിതറിയ പോലെ നക്ഷത്രമാം രാത്രി; നിന്നുടെ ഈ യാമങ്ങളിൽ.........
നിന്നെ നോക്കിനിൽക്കാൻ നിന്നിലെ ഓരോ മുല്ലമൊട്ടുകളാകുന്ന നക്ഷത്ര സൗന്ദര്യമേ!
രാത്രിയാമമായ നിന്നിലെ നിലാവിന്റെ ......
ഈ നാഥനായ് വന്ന ചന്ദ്രനെ!
രാത്രി നിലാവിന്റെ ഈ ഓളങ്ങളിൽ തട്ടി വിരിയുന്ന മുല്ല മൊട്ടുകളാം നക്ഷത്ര സൗന്ദര്യമേ!
നിന്റെ ഈ സൗന്ദര്യം നകരാൻ ഒരോരോ.....
യാമങ്ങൾ

**കാവ്യാ.ദാസ്**

# മാധവിക്കുട്ടി (കമലാസുരയ്യ)
# (1934-2009)

തൃശ്ശൂർ ജില്ലയിലെ പുന്നയൂർകുളത്ത് ജനിച്ചു.മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ പ്രശ്സതമായ എഴുത്തുകാരി. മലയാളത്തിൽ 'മാധവിക്കുട്ടി' എന്ന പേരിലും ഇംഗീഷിൽ 'കമലാദാസ് 'എന്ന പേരിലുമാണ് അവർ രചനകൾ നടത്തിയിരുന്നത്. വയലാർ അവാർഡ്,എഴുത്തച്ഛൻ പുരസ്കാരം,കേരള സാഹിത്യ അക്കാദമി പുരസ്കാരം,ഏഷ്യൻ വേൾഡ് പ്രൈസ്,ഏഷ്യൻ പൊയട്രി പ്രൈസ്, കെന്റ് അവാർഡ് എന്നിവ ലഭിച്ചു. കടൽ, മയൂരം, ഭയം , എന്റെ നിശാവസ്ത്രം, സ്നേഹിത , അരുണ , ചുവന്ന പാവാട, പക്ഷിയുടെ മരണം, തണുപ്പ്, മാനസി, എന്റെ കഥ, ബാല്യകാലസ്മരണകൾ, മനോരമ, വീണ്ടുംചിലകഥകൾ, ഒറ്റയടിപ്പാത, യാഅല്ലാഹ, കവാടം(സുലോചനയുമൊത്ത്), വണ്ടിക്കാളകളെ, കൽക്കട്ടയിലെവേനൽ ( SummerinCalcutta), കാമത്തിന്റെഅക്ഷരങ്ങൾ(Alphabet of the lust), പിത്രുപരമ്പര(The Descendants), പഴയ കളിവീടും മറ്റു കവിതകളും (Old Play House and Other Poems), തിരഞ്ഞെടുത്ത കവിതകൾ(Collected Poems), എങ്ങനെ പാടണമെന്ന് അത്മാവിനെ അറിയൂ (Only the Soul Knows How to Sing), ചൂളംവിളികൾ (The Sirens) എന്നിവയാണ് പ്രധാന കൃതികൾ.

# A cobbler and the monkeys

Once upon a time in a village one cobbler and monkey was friends in a day they go to jungle for hunting birds other jungle animals to cut trees and to sold sandal to jungle people and he started journey with monkey and in another village he sold a sandal to a man and that man give monkey to him and then he start the journey with two monkey and then last they come in a big jungle. In the jungle he and monkey was too tired and they want water they travel so many kilometre they walk across so many rivers but in jungle their is no food the food get from grandmother is end so both monkey and man become hungry and they both going to search water, food and for hunting birds and they start walk first they saw a parrot and then a snake they take the parrot in a bird cage and they get water and food and man get special plant for fever and start journey in a village the man sell all sandal, monkey, bird to a village men he give money and cobbler start journey to village. The men start a new life.

-Aravind.M

# മതിലേരിക്കന്നി

തിരുവെഴുത്താലോലാത്തു കണ്ടോണ്ടാരെ
കിടുകിടെ പൊട്ടിക്കരഞ്ഞേ  കന്നി
കണ്ണീരും കൈയത്വായി നിന്നവള്
കരഞ്ഞതും പറഞ്ഞലോ കുഞ്ഞിക്കന്നി:
“കനകം നാളേറെ മനം കൊതിച്ച്
കരളിനകത്തുള്ള നാട്ടുവഴിക്ക്
അറിയാതെയായിരം കുറ്റം കണ്ട്
അതിനെന്തുടയോനെ! വേണ്ടത് ഞാനേ
ഓലുണ്ടെരിപൊരിയങ്കത്തില്
ഞാനുണ്ടിപ്പട്ടൂരിക്കട്ടെമ്മല്
ഓലുണ്ടമ്മണ്ണിലും ചോരയിലും
ഞാനുണ്ടീയേഴ്ത്തട്ട് മാള്ള്യേമ്മല്
പൊറുക്കുന്നില്ലച്ചാ പൊറുക്കുന്നില്ലേ
നെഞ്ചുണ്ടിരുമ്പൊലച്ചീളയാവുന്നേ!
പതിനേഴും കൊപ്പും തലതേഞ്ഞിറ്റ്
പതിനെട്ടോടത്താഴം വെച്ചനക്ക്
ഇരുപത്തിയാറ് വയസ്സവർക്ക്
തിരുമേനി പടയിലേന്തോം വന്നെങ്കില്
എവിടെവെച്ചച്ചാ പൊറുക്കും ഞാനേ
നാട്ടുവഴി തെളിഞ്ഞാലേ ഞാൻ തെളിയൂ!
നാട്ടുവാഴീരുന്നാലേ ഞാനിരിക്കു!
നാളത്തേ പുല്ലപുലരും കാലം
വേണാട് പൂങ്കൊയിലോം പോണനക്ക്
തിരുവെഴുത്താലോലാതുകാണുന്നേരം

കൈമെയ്യിറക്കവും വന്നെനക്ക്
മെയ്യെല്ലം കണ്ണായിത്തോന്ന്യനക്ക്
തലവൻ പടനായരത്തേടിയച്ഛൻ
കേക്ക് മലയോരം കാരണ്ടാലോ
പന്തിരണ്ടോമനത്തിരുവയസ്സിൽ
പയറ്റിത്തെളിഞ്ഞ് പണിക്കരാക്കി
അടവും തൊഴിലും പഠിപ്പിച്ചച്ഛൻ
പചനിലച്ചന്തം പഠിപ്പിച്ചച്ഛൻ
ആണായും പെണ്ണായും പോറ്റ്യെന്റച്ഛൻ
അച്ഛൻകനിവെന്നോടുണ്ടങ്കില്
പടപൊയ്യ് താപ്പൂട്ടി വന്നോളാലോ.”

*സമ്പാദനം :* ***ടി. എച്ച്. കുഞ്ഞിരാമൻനമ്പ്യാർ***

# ശുചിത്വകേരളം



ഭാവിയെക്കുറിച്ചുള്ള പ്രതീക്ഷാനിർഭരമായ സങ്കൽപ്പങ്ങളാണ് പുതുതലമുറയിൽ രൂപപ്പെടുന്നത്.മനുഷ്യൻ തന്റെ ദൈനംദിന ഉപയോഗത്തിനുശേഷം വലിച്ചെറിയുന്ന മാലിന്യം കുന്നുകൂടുമ്പോൾ അവർ ഓർക്കുന്നില്ല ദോഷത്തെപ്പറ്റി.മാലിന്യത്തിന്റെ കാഠിന്യം വർദ്ധിച്ചുവരുമ്പോൾ തേൻ നുകരുന്ന ഒരു ചെറുശലഭത്തിന്റെ ആഹാരക്രമത്തെപ്പോലും നശിപ്പിക്കത്തക്കവിധത്തിൽ 'മാലിന്യത്തിന്റെ' ആകർഷക ശക്തി കൂടി വരും.ഇതിൽനിന്നും നാളെ നമ്മുടെ കേരളം ഒരു ചെകുത്താന്റെ കേരളമായി എല്ലായിടത്തും നിലകൊള്ളുന്നു.അമ്പത് വർഷങ്ങൾക്കുമുമ്പ് കേരളത്തിലുണ്ടായിരുന്ന ശുദ്ധജലസ്രോതസ്സുകളിൽ എത്രശതമാനം ഇന്ന് നിലവിലുണ്ട് ? ബാക്കി നിൽക്കുന്ന തടാകങ്ങളുടെയും കുളങ്ങളുടെയും അരുവികളുടെയും പുഴകളുടെയും തോടുകളുടെയും ഇന്നത്തെ സ്ഥിതി എന്താണ്.കൃത്യമായ കണക്കുകൾ ആരുടെയും കൈയ്യിൽ കാണില്ല.നമ്മുടെ ഭരണകർത്താക്കൾക്കും നേതാക്കൾക്കും ഇത്തരം കാര്യങ്ങളിലല്ല ശ്രദ്ധ.നേരിട്ട നഷ്ട്ങ്ങളിൽനിന്നും നാം ഇനിയും പാഠം ഉൾകൊണ്ടില്ല.മനുഷ്യൻ പ്രകൃതിയിൽ നഷ്ടങ്ങൾ വരുത്തുന്നതെങ്ങനെയെന്ന് ഓർമ്മിക്കാൻ തയാറാകണം.

നന്ദിത കൃഷ്ണൻ

# *“The Blue Jackel”*

*There were a Jackel in the jungle.One day he unable to find any food in the jungle.He went to the city.In the city,the Jackel was surrounded by many dogs.They were barking loudly.They felt upon him and wounded him.To save his life Jackel ran fast and went into a house for escaping.It was adyer's house.The Jackel jumped into a big vessel which was full of indigo dye.After some time Jackel jumped out of the vessel.But his whole body dyed indigo colour.No longer he looked like a Jackel.When he came out from the dyer's house the dog were unable to recongize him.Looking at the Jackel they were terrified and ran away.The Jackel returned to the forest.When all animals saw the indigo coloured Jackel they ran away in fear.The Jackel wondered about this.But his cracked mind captured and he caught one idea.He said to the animals,''Oh my friends don't be afraid,come be back.” The animals reached slowly and Jackel said to animals “God has made me himself and said the animals need a*

*king,so I crowned you has a king of the jungle and protect everyone.“So I have came here to you can live in my kingdom in myprotection” .All animals said ok and waited for his command.Thus the king of the forest.King Jackel assigned specific duties to all animals.But always he kept a distance from the family of the Jackels.Thelion,tiger,elephant and all other animals used to go out hunting and bring the prey before the Jackel. The Jackel did not do anything for himself.Months passed. One day,the king Jackel heard the howl of a group of Jackels.That was a moonlight night.The king Jackel felt very happy.According to habit he also stood up and began to howl.When the other animals heard the howl of the king they realized that he was not a strange but a Jackel.*

***Amina A.***
***9-F***

# തളർന്നുപോയ ചിറക്

നമ്മളൊന്നിച്ച പിറന്നതല്ലേ?
നമ്മൾ ഒന്നിച്ച പിറന്നതല്ലേ?
എങ്കിലും നീ എന്നെ കൂടാതെ വേഗം
ചിറക് തളർന്ന് മറഞ്ഞുപോയോ?
നൊമ്പരം വേഗം മറയുകയില്ല
വേദന തെല്ലും മയങ്ങുകയില്ല
ജീവൻ നിലച്ച നിൻ ശരീരം
അഗ്നിയിൽ കത്തിക്കരിഞ്ഞുപോയി
ഇരുളുനിറഞ്ഞ നാൽച്ചുവരിനുള്ളിൽ
നിലയില്ലാതെയെന്റെ ജീവിതവും

*അർപ്പിത. ഡി*

# പുസ്തക വായന

ആധുനിക കാലത്ത് ടിവിയുടെയും മറ്റ് വർത്താമാധ്യമങ്ങളുടെയും വരവോടുകൂടി വായന കുറയുന്നു എന്ന പരാതി ഉയർന്നുവരുന്നു. എന്നാൽ ഒരു യഥാർത്ഥ പുസ്തകംപ്രേമിച്ച് വായിക്കാതിരിക്കാൻ കഴിയുന്നില്ല.വിവിത വിഷയങ്ങളെ പരാമർഷിക്കുന്ന പുസ്തകങ്ങൾ അനുദിനം വായിച്ചുവരുന്നു.അതിനാൽ ഏത് വായിക്കണം എന്ന ഒരു തിരഞ്ഞെടുപ്പ് പുസ്തകവായനക്കാരന് ആവശ്യമാണ് ഒരു ജീവിതകാലംകൊണ്ട് വായിച്ചുതീരാവുന്ന പുസ്തകങ്ങൾ കുറവാണ്. കവിത,കഥ,നോവൽ,ജീവചരിത്രം എന്നീ വിവിധ ശാഖകളിലാണ് പുസ്തകങ്ങൾ അനുദിനം പുറത്തുവരുന്നത്.

Lekshmi
9B

# നന്മവീട്



സ്കൂളിന്റെ ശതാബ്ദി വർഷത്തിൽ ഒരു വിദ്യാർത്ഥിക്ക് മാതൃഭൂമി നന്മക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു നന്മവീട് നിർമ്മിച്ചു കൊടുത്തു. സ്കൂളിലെ 9-ാം ക്ലാസ്സ് വിദ്യാർത്ഥിനി ആലുംപീടിക അമൃതത്തിൽ സുരേഷ്-ശ്രീജ ദമ്പതിമാരുടെ മകളായ അമൃതയ്ക്കാണ് നന്മവീട് നിർമ്മിച്ച് നൽകിയത്.600 ചതുരശ്രയടിയിലധികം വരുന്ന വീടിനായി 7 ലക്ഷത്തോളം ചിലവായി.പണവും സാധനങ്ങളും നൽകി സമൂഹത്തിലെ വിവിധ സ്വമനസ്സുകൾ നന്മക്ലബിനോട് സഹകരിച്ചു.കൈത്തണ്ടിൽ നിശ്ചയിച്ചതിലും നന്മവീടിന്റെ നിർമ്മാനം വെഗത്തിൽ പൂർത്തിയായി.

നന്മവീടിനായി തിരഞ്ഞെടുക്കപ്പെട്ട അമൃതയുടെ ജീവിത പശ്ചാത്താലം തീർത്തും ദുരിതമേറിയതായിരുന്നു.അച്ഛൻ കൂലിപ്പണി. അമൃതയുടെ അമ്മയാകട്ടെ തിരുവനന്തപുരത്തു ആർ.സി.സി.യിലെ ചികിത്സയിലും. അടച്ചുറപ്പില്ലാത്ത ഒറ്റമുറി വീട്ടിൽ തേഗബാധിതയായ അമ്മയും അച്ഛനും കുഞ്ഞനുജനുമായി അമൃതയുടെ താമസത്തെക്കുറിച്ച് അറിഞ്ഞാണ് നന്മക്ലബ് അവരെ സഹായിക്കുവാൻ മുന്നിട്ടിറങ്ങിയത്.

**മഞ്ജുഷ**

**നന്മ ക്ലബ് കോർഡിനേറ്റർ**

# വലുതും ചെറുതും

ഒരു പുഴയിൽ ഒരു ചെറിയ മീനും ഒരു വലിയ മീനും ഉണ്ടായിരുന്നു.വലിയ മീൻ ചെറിയ മീനെ എപ്പോഴും കളിയാക്കുമായിരുന്നു. അവൻ ചെറുതാണ് ഞാൻ വലുതാണ് എന്ന ഭാവത്തിൽ അഹങ്കരിക്കുകയും ചെയ്യിരുന്നു ഇത് കേൾക്കുമ്പോൾ ചെറിയ മീന് വിഷമം വരും. അപ്പോൾ അവൻ ഒഴിഞ്ഞ് മാറും. ഒരു ദിവസം ഒരു മുക്കുവൻ പുഴയിൽ വലയെറിഞ്ഞു. അവർ ഇരുവരും വലയിൽ കുടുങ്ങി. എന്നാൽ ചെറിയ മീൻ ചെറുതായതുകൊണ്ട് വലക്കണ്ണികളിലൂടെ രക്ഷപ്പെട്ടു.ഇതു കണ്ട് വലിയ മീൻ കരയാൻ തുടങ്ങി.

അരവിന്ദ്

# നദീജലമലിനീകരണവും അനന്തരഫലങ്ങളും

കുട്ടനാട്

പമ്പാനദിയുടെ പുണ്യമായിരുന്നു കുട്ടനാട്.പമ്പാനദിയും പോഷകനദിയായ മണിമലയാറും അച്ചൻകോവിലാറും ലയിച്ചും പിന്നീട് പലതായി പിരിഞ്ഞും സിരാവ്യൂഹംപോലെ കുട്ടനാടിലൂടെ ഒഴുകി വേമ്പനാട്ടുകായലിൽ പതിക്കുന്നു.അങ്ങനെയാണ് ഫലഭൂയിഷ്ഠമായ ഈ പ്രദേശം രൂപം കൊണ്ടത്. ഏഷ്യയിലെ ഏറ്റവും വലിയ തണ്ണീർതട ആവാസ വ്യവസ്ഥയാണിത്. കുട്ടനാടിന്റെ ജീവനാടികളായ നദികൾ ഒഴുക്ക് നിലച്ച് അഴുക്ക് ചാലുകളായതും താത്കാലിക നേട്ടങ്ങളായി ദീർഘ വീക്ഷണമില്ലാതെ നടത്തിയ വികസന പ്രവർത്തനങ്ങളും കൃഷിക്കുപയോഗിക്കുന്ന വിഷങ്ങളും തീർത്ഥാടനകാലത്ത് പമ്പയിൽ കലരുന്ന മനുഷ്യമാലിന്യവുമെല്ലാം ചേർന്നു കുട്ടനാടിനെ ഒരു പരിസ്ഥിതി ദുരന്ത പ്രദേശമായി മാറ്റിയിരുന്നു.

ശരവൺ

# കടലനുബന്ധ വ്യവസായങ്ങൾ

## മത്സ്യബന്ധനം

ജലാശയങ്ങൾ മത്സ്യസമ്പന്നമായിരുന്നു അതുകൊണ്ടുതന്നെ മത്സ്യബന്ധനം ഒരു പ്രധാന ഉപജീവനമാർഗ്ഗമായിരുന്നു.ഒരോ വീട്ടുകാരും അവരവരുടെ ഇഷ്ടം അനുസരിച്ച് ജലാശയങ്ങളിൽ നിന്നും തന്നെ പിടിച്ചിരുന്നു.പക്ഷെ ഇന്ന് ആ രീതികളെല്ലാം മാറിപ്പോയിരിക്കുന്നു കാരണം ജലാശയമലിനീകരണം.

## താറാവുക്രഷി

കായൽ ജീവിതത്തിൽ നിന്ന് ഒഴിവാക്കാൻ പറ്റാത്ത ഒന്നാണ് താറാവുക്രഷി.ചതുപ്പുനിലങ്ങളും തോടുകളുമാണ് താറാവുകളുടെ വിഹാരകേന്ദ്രം.കൊയ്ത്തു കഴിഞ്ഞ പാടശേഖരങ്ങളിലും താറാവുകളെ കൂട്ടത്തോടെ ഇറക്കിവിട്ടിരുന്നു.അവിടെയുള്ള നെൽമണിയും,ചെറിയ മീനുകളും താറാവിന് തീറ്റയായിരുന്നു.

## കക്കാവാരൽ

കക്കാവാരലാണ് ജനങ്ങളുടെ മറ്റൊരുപജീവന മാർഗ്ഗം വെള്ള കറുപ്പ് എന്നീ ഇനങ്ങളിലുള്ള കക്കയാണ് ഇവിടെ കാണുന്നത്. വെള്ള കക്കയുടെ പുറം തോട് സിമിന്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു.കക്കയിറച്ചി ഇവിടുത്തെ ഒരു ഭക്ഷ്യവിഭവമാണ്.

## കയർ വ്യവസായം

കായലിനെ ഉപയോഗപ്പെടുത്തിയുള്ള മറ്റൊരുദാഹരണമാണ് കയർ വ്യവസായം .തൊണ്ട് അഴുക്കുന്നതിന് പ്രധാനമായും അവർ കായലിനെയാണ് ആശ്രയിച്ചത്.

## ടൂറിസം


കായലിനെ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ടൂറിസത്തിനെന്നു പറയാം.ദൃശ്യഭംഗി നുകരുന്നതിന് ഇവിടെയെത്തുന്ന വിനോദസഞ്ചാരികളുമായ് കായലിലൂടെ കടന്നുപോകുന്ന ബോട്ടുകളും കെട്ടുവള്ളങ്ങളും ഇന്ന് സാധാരണയാണ്.

# ജലാശയം അന്നും ഇന്നും

## മത്സ്യലഭ്യത

മത്സ്യഇനങ്ങളായ കരിമീൻ,വാള,കൊഞ്ച്,പള്ളത്തി,പരൽ, എന്നിങ്ങനെ ധാരാളം മീനുകൾ ലഭിക്കുന്നു പരമ്പരാഗത മാർഗ്ഗങ്ങളിലൂടെയാണ് മത്സ്യബന്ധനം നടത്തുന്നത് എന്നാലിപ്പോൾ പണ്ട് ലഭിച്ചുകൊണ്ടിരുന്ന പല മത്സ്യങ്ങളും ഇന്ന് കാണാനില്ല.ജലാശയമലിനീകരണമാണ് ഇതിന്റെയെല്ലാം കാരണം.

ഭൂമിയുടെ മുക്കാൽ പങ്കും ജലമാണ്.നാം
മനുഷ്യൻ  ഈ ജലമെല്ലാം മലിനമാക്കുന്നു.ജലം
നമ്മുക്കൊരു വരം



# വേഴാമ്പൽ

നിന്റെ ഈ ഓർമ്മകൾമാത്രം മതി
എനിക്കിനിയുള്ള ജന്മങ്ങൾ കാത്തിരിക്കാൻ.
പിന്നിട്ട പാതയിൽ മിഴികളോടിക്കവേ
യെൻമനം കേഴുന്ന മൂകയായി...(2)
ഒരുകുഞ്ഞു തുളസിക്കതിരില തണ്ടുനിൻ
കാർ കുന്തൽ കെട്ടിലൊളിച്ചുവെയ്ക്കേ
അതു നേർത്ത സൗരഭ്യം പകർന്നതന്നു
എന്റെ മനസ്സിലോ ആത്മാവിനുള്ളിന്റെ ഉള്ളിലും
നിന്റെ ഈ പുഞ്ചിരി മാത്രം നിറയുന്നു.
എൻ സഖി ഇന്നുമീ ചേദനയിൽ കാലവും
ശാസ്ത്രവും ഒന്നിച്ചുചൊല്ലി
നീ എൻ പ്രീയെ പതിയായി
എപ്പോഴും ആകാശക്കോട്ടകൾ കെട്ടിനാം എപ്പോഴും
ആ പുണ്യവേളയ്ക്കായി കാത്തിരുന്നു
എന്നിലെ ജീവന്റെ നാളമാണച്ചു
നീ എന്തേ ഒട്ടുവിലകന്നുപോയി
ആയിരം കാലങ്ങൾക്കപ്പുറം എങ്കിലും
കേൾക്കുന്നു  നീ എന്നിലെ രോദനം
ആത്മാവിൽ നിന്നുമുണരുന്ന രോദനം
(ആത്മാവിൽ)

അതിഥി ഹരികുമാർ

# വിരൽ തുമ്പിൽ




Vaishnav 10 A

# Rain dreams

oh! whistling wind
Roaring thunder
silvery lightning
ah! the rain is coming
The rain comes will gushing sound
With cold water from the clouds
We Welcome the rain will hurrayys and
Yahoos!
The ponds are filled and the rivers are
overflowed
The plants dance in the rain
Small water drops from the trees fall on us
When the rain goes , the Winter comes
With snow fall

Femin Fathima M .

# വിദ്യാലയം



തളിരിട്ട് നിൽക്കുന്ന പൂമരങ്ങൾ
കുടച്ചൂടി നിൽക്കുന്ന വിദ്യാലയം
ഇതളറ്റു വീഴുന്ന പൂക്കളെല്ലാം
നെറുകയിൽ ചൂടുന്ന വിദ്യാലയം
ഒരുപാട് കുസൃതിത്തരങ്ങളെല്ലാം
ഇടനെഞ്ചിലേറ്റിയ വിദ്യാലയം
ഹൃദയത്തിനുള്ളിലെ സ്നേഹമെല്ലാം
ചിരിയാക്കിമാറ്റിയ വിദ്യാലയം

അഭിനന്ദ്

# സ്നേഹവീട്

**ഈ സ്കൂളിലെ NSS unit-ന്റെ നേതൃത്വത്തിൽ ഒരു വിദ്യാർത്ഥിനിക്ക് നിർമ്മിച്ചു നൽകിയ സ്നേഹവീട്.**











**100 വയസ്സ് പൂർത്തിയായ ഞങ്ങളുടെ വിദ്യാലയ മുത്തശ്ശിക്ക് ആദ്യ ഡിജിറ്റൽ മാഗസിൻ സമർപ്പിക്കുന്നു.**